m-317


GOVERNMENT VOCATIONAL HIGHER SECONDARY SCHOOL MATHIRAPPILLY
MA COLLEGE PO KOTHAMANGALAM.

TELEPHONE NO: 0485 2827316 E-mail ---gvhssmply@gmail.com


SDC/M 11/2024 Dated: 06/11/2024

## ടെണ്ടർ പരസ്യം

### പൊതു വിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ വിഭാഗം

എറണാകുളം ജില്ലയിലെ മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററിലെ ഫിറ്റ്നസ്സ് ട്രെയിനർ എന്ന കോഴ്സിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. വിതരണം ചെയ്യേണ്ട ലാബ് ഉപകരണങ്ങളുടെ വിശദമായ പട്ടിക സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ടെണ്ടർ അടക്കം ചെയ്തിരിക്കുന്ന കവറിന് പുറത്ത് ഫിറ്റ്നസ്സ് ട്രെയിനർ എന്ന ലാബിലേക്കുള്ള ലാബ് ഉപകരണങ്ങളുടെ വിതരണം എന്ന് രേഖപ്പെടുത്തേണ്ടതാണ്. അടങ്കൽ തുക 5,00,000 /- (അഞ്ച് ലക്ഷം) രൂപയാണ്. ടെണ്ടർ ഉൾകൊള്ളുന്ന ടി കവറുകൾ എത്തിക്കേണ്ടത് പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ് മാതിരപ്പിള്ളി , കോതമംഗലം – 686666 എന്ന വിലാസത്തിലാണ്. മുദ്രവച്ച ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തിയതി 22/11/2024 3 PM ആണ്. താമസിച്ച് ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ലഭിക്കുന്ന ടെണ്ടറുകൾ 23/11/2024, 2 PM –ന് സന്നിഹിതരായിരിക്കുന്ന ടെണ്ടർ സമർപ്പിച്ചവരുടെയോ അതുമല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയിരിക്കുന്ന പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ടെണ്ടർ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നവർ പ്രിൻസിപ്പൽ, ഗവ.വി.എച്ച്.എസ്.എസ് മാതിരപ്പിള്ളി , കോതമംഗലം – 686666 പക്കൽ നിന്നും ടെണ്ടർ ഫോം വാങ്ങേണ്ടതും ടി ഫോറത്തിൽ ടെണ്ടർ സമർപ്പിക്കേണ്ടതുമാണ്. ടെണ്ടർ ഫോമിലുള്ള അപേക്ഷയോടൊപ്പം ഒരു ഫോറത്തിന് നിർണയിച്ചിട്ടുള്ള വിലയായ 1,000 /- രൂപ പണമായി അടയ്ക്കേണ്ടതാണ്. പ്രസ്തുത തുക യാതൊരു കാരണവശാലും തിരികെ തരുന്നതല്ല. ടെണ്ടർ ഫോറത്തിന്റെ വിൽപന 21/11/2024 3 PM-ന് അവസാനിക്കുന്നതാണ്. ചെക്ക്, തപാൽ സ്റ്റാമ്പ് മുതലായവ ടെണ്ടർ ഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല. ടെണ്ടർ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ എസ്റ്റിമേറ്റ് തുകയുടെ 1 ശതമാനം നിരതദ്രവ്യ നിക്ഷേപമായി അടയ്ക്കേണ്ടതും ടി തുക 1,500 രൂപയിൽ കുറയാൻ പാടില്ലാത്തതും ആകുന്നു. നിരതദ്രവ്യ നിക്ഷേപതുക പ്രിൻസിപ്പൽ, ഗവൺമെന്റ് വി.എച്ച്.എസ് സ്കൂൾ മാതിരപ്പിള്ളി , കോതമംഗലം – 686666 എന്ന വിലാസത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റായി അടയ്ക്കാവുന്നതാണ്. 200 രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ ഉടമ്പടിയും സമർപ്പിക്കേണ്ടതാണ്. ടെണ്ടറിൽ പറഞ്ഞിരിക്കുന്ന തുക ടെണ്ടർ സ്വീകരിക്കുന്ന തിയതി മുതൽ ഒരു വർഷത്തേക്ക് മാറ്റമില്ലാതെ തുടരുന്നതായിരിക്കും. പ്രിൻസിപ്പൽ ഗവൺമെന്റ് വി.എച്ച്.എസ് സ്കൂൾ മാതിരപ്പിള്ളി , കോതമംഗലം – 686666 –ന് ടെണ്ടർ നീട്ടി വയ്ക്കാനോ റദ്ദാക്കാനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. സർക്കാർ 23/11/2024-ന് പൊതു അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ ടെണ്ടർ അടുത്ത പ്രവർത്തി ദിവസം തുറക്കുന്നതാണ്.

പ്രിൻസിപ്പൽ
ഗവ.വി.എച്ച്.എസ് മാതിരപ്പിള്ളി

ANUPAMA K.C. (PEN: 594649)
PRINCIPAL
GVHSS MATHIRAPPILLY
PIN - 686 666

GVHSS MATHIRAPPILLY KOTHAMANGALAM